LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല. എന്നാൽ പത്താം ശമ്പള കമ്മീഷൻ ശിപാർശയനുസരിച്ച് സർവ്വീസ് പെൻഷൻകാർക്കും/കുടുംബ പെൻഷൻകാർക്കുമായി ഒരു മെഡിക്കൽ ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കുന്നതിനുവേണ്ടി വിശദമായ ഉത്തരവുകൾ പ്രത്യേകമായി പുറപ്പെടുവിക്കുമെന്ന് 20-1-2016-ലെ G.O.(P) No. 9/16/Fin. നമ്പർ പെൻഷൻ പരിഷ്കരണം ഉത്തരവിന്റെ 8-ാം ഖണ്ഡികയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതിനുള്ള നടപടികൾ ധനകാര്യ വകുപ്പിൽ സ്വീകരിച്ചുവരുന്നു.

(ബി-ഇ) ബാധകമല്ല.

പെട്രോളിയം ഉൽപ്പന്നങ്ങൾക്കുള്ള സെസ്സ്

170 (142) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോളിയം ഉൾപ്പന്നങ്ങൾക്ക് സംസ്ഥാന ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുള്ള സെസ് എത്ര രൂപ വീതമാണെന്നും ഏതെല്ലാം ഉൽപ്പന്നങ്ങളിൽമേലാണ് സെസ് ഏർപ്പെടുത്തിയിരിക്കുന്നതെന്നും വെളിപ്പെടുത്താമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പെട്രോളിയം ഉൽപ്പന്നങ്ങളിൽ ചുമത്തിയ സെസിൽ നിന്നും ഇതുവരെ എത്ര തുക പിരിഞ്ഞു കിട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പെട്രോളിയം സെസ് വഴി സ്വരൂപിക്കുന്ന പണം ഏതെല്ലാം പ്രവർത്തനങ്ങൾക്കാണ് ചെലവഴിക്കുന്നതെന്നും ആയിനത്തിൽ ഇതുവരെ എത്ര തുക പ്രസ്തുത ആവശ്യങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) പെട്രോളിയം സെസ് വഴി എത്ര തുക പിരിച്ചെടുക്കാനാണ് ലക്ഷ്യമിട്ടതെന്നും ഇതുവരെ എത്രശതമാനം പിരിഞ്ഞു കിട്ടിയെന്നും ലക്ഷ്യം പൂർത്തീകരിക്കാനാകുമെന്ന് വകുപ്പ് ഉറപ്പു വരുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് സംസ്ഥാനം ഏർപ്പെടുത്തിയിട്ടുള്ള സെസ് വില്പന നികുതിയുടെ ഒരു ശതമാനമാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പെട്രോളിയം ഉൽപ്പന്നങ്ങളിൽ ചുമത്തിയ സെസ്സിൽനിന്നും 215.85 കോടി രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ട്.

(സി) സർക്കാരിന്റെ വികസന/കരുതൽ പ്രവൃത്തികൾക്കായി വിനിയോഗിക്കുന്നു.

(ഡി) വില്പന നികുതിയുടെ ഒരു ശതമാനമാണ് സാമൂഹ്യ സുരക്ഷാ സെസ്സായി പെട്രോളിയം ഉൽപ്പന്നങ്ങളിന്മേൽ ഈടാക്കിവരുന്നത്. തുടങ്ങിയ വർഷം 100 കോടി രൂപ സമാഹരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. ഇതുവരെ പെട്രോളിയം ഉൽപ്പന്നങ്ങളിൽ നിന്നും ലഭിക്കുന്ന വില്പന നികുതിയുടെ ഒരു ശതമാനമാണ് സെസ്സായി ലഭിച്ചിട്ടുള്ളത്.

സാമാജികരുടെ മണ്ഡലം ആസ്തി വികസന പദ്ധതി

171 (144) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമയബന്ധിതമായി ഭരണാനുമതി ലഭ്യമാക്കേണ്ട സാമാജികരുടെ മണ്ഡല ആസ്തി വികസന പദ്ധതി നിർദ്ദേശങ്ങളുടെ ഫയൽ തീർപ്പുകൾ ത്വരിതപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) വിവിധ തട്ടുകളിലൂടെ നടപ്പിലാക്കേണ്ടതിനാൽ അനുബന്ധ ഫയൽ തീർപ്പുകൾക്ക് കാലവിളംബം നേരിടുന്നത് പരിഹരിക്കുന്നതിനായി ഫയൽ നടപടി സംബന്ധിച്ചുള്ള ഒരു കലണ്ടർ തയ്യാറാക്കി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) അനുബന്ധ കലണ്ടർ സമയക്രമം പാലിച്ച് യഥാസമയം ഫയൽ തീർപ്പ് നടപ്പിലാക്കുന്നുണ്ടോയെന്ന് ബോദ്ധ്യപ്പെടുന്നതിന് ഒരു പ്രത്യേക വിഭാഗത്തെ ചുമതലപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്തിന്റെ അടിസ്ഥാന വികസനം സാദ്ധ്യമാക്കുന്നതിന് സഹായകമായി പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ പ്രായോഗികമാക്കുന്നതിൽ നിലവിലുള്ള തടസ്സം എന്തെല്ലാമെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly